# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3509

10.04.2013ൽ
മറുപടിക്ക്

## ഐ.എ.വൈ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ അധിക സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) ഐ.എ.വൈ. പദ്ധതി പ്രകാരം നേരത്തേ അനുവദിച്ചിരുന്ന തുക 15.09.2011 മുതൽ മുൻകാല പ്രാബല്യം നൽകി വർദ്ധനവ് വരുത്തിയത് മൂഖേന ത്രിതല പഞ്ചായത്തുകൾക്ക് വരുത്തി യിട്ടുള്ള അധിക ബാധ്യത പരിഹരിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് അലോക്കേഷനു പുറമേ ഓരോ വീടിനും 75,000/- രൂപാ വീതം അധിക വിഹിതമായി സർക്കാർ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. |
| ബി) ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ ജനറൽ വിഭാഗം എന്നീ ഇനങ്ങളിൽ എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | ബി) എല്ലാ വിഭാഗങ്ങളിൽപ്പെടുന്നവർക്കും 75,000/- രൂപ വീതം അധിക വിഹിതമായി നൽകാമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. |
| സി) അധിക സഹായം കണ്ടെത്തുന്നതിന് പഞ്ചായത്തുകൾക്ക് ലോൺ എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്നും, എത്ര തുക വീതം ലോൺ എടുക്കാൻ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | സി) അധിക സഹായം കണ്ടെത്തുന്നതിന് 200 കോടി രൂപയുടെ വായ്പ ബ്ലോക്ക് പഞ്ചായത്തുകൾ വഴി എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ